# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3178** **07.02.2018-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) & ബി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി 2338 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. ഇതിനു പുറമേ ബ്ലൂറെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 25.30 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതു മുഖേന മത്സ്യോത്പാദനം 4500 കി. ഗ്രാം / ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉല്പാദനം ഇരട്ടിയാക്കുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>കൂടാതെ 2016-17 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതി, നൂതന മത്സ്യകൃഷി പദ്ധതി, മത്സ്യസമൃദ്ധി II പദ്ധതി, കൈപ്പാട് പൊക്കാളി സംയോജിത മത്സ്യനെൽകൃഷി പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതു മുഖേന മത്സ്യോത്പാദനം 4500 കി. ഗ്രാം / ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉല്പാദനം |

ഇരട്ടിയാക്കുകയും പദ്ധതിയിലൂടെ ലക്ഷ്യമി ടുന്നു. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ
2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
4. ചെമ്മീൻ കൃഷി
5. പാടശേഖരങ്ങളിലെ മത്സ്യകൃഷി

| | |
|---|---|
| സി) ഭാവിയിൽ ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കുന്ന നാല് വർഷങ്ങളിലായി വിവിധ തരം കാർപ്പ് മത്സ്യങ്ങൾ, ആറ്റുകൊഞ്ച് കൃഷി, ഗിഫ്റ്റ് കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി, ചെമ്മീൻകൃഷി, വിവിധതരം കൂടുകൃഷികൾ പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്.) എന്നിങ്ങനെ 21 ഓളം ഉപഘടക പദ്ധതികൾ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 9 പദ്ധതി കൾക്ക് 2530 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിക്കുകയും ടി പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

ഭാവിയിൽ ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്രമ നമ്പർ | പദ്ധതി | യൂണിറ്റ്/ ഹെക്ടർ | ഒരു യൂണിറ്റിന് നൽകുന്ന സബ്സിഡി (40%) |
|---|---|---|---|
| 1 | കല്ലുമ്മേയ്ക്കായ കൃഷി | 2000 | 6000/- |
| 2 | ഓരുജലങ്ങളിലെ കൂടുകൃഷി | 80 | 1.2 ലക്ഷം/യൂണിറ്റ് |
| 3 | പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്) | 100 | 2.4 ലക്ഷം/യൂണിറ്റ് |
| 4 | മത്സ്യകൃഷിക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ | 80 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |
| 5 | പുനരുദ്ധരിച്ച വാട്ടർ ലോഗ് പ്രദേശത്ത് മത്സ്യകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി | 80 ഹെക്ടർ | 60000 രൂപ/ഹെക്ടർ |
| 6 | നവീകരിച്ചുള്ള കുളങ്ങളിലെ ചെമ്മീൻകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി | 80 ഹെക്ടർ | 1.2 ലക്ഷം/ഹെക്ടർ |
| 7 | ചെമ്മീൻകൃഷിക്കുള്ള കുളം നവീകരണം | 80 ഹെക്ടർ | 1.4 ലക്ഷം/ഹെക്ടർ |
| 8 | കുളം നവീകരിച്ചുകൊണ്ടുള്ള ഗിഫ്റ്റ് തിലാപ്പിയ കൃഷി | 40 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |
| 9 | കുളം നവീകരിച്ചുകൊണ്ടുള്ള ആസ്സാം വാള കൃഷി | 30 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |

ഇതിനു പുറമെ 2017-20 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലായി 4000 ഹെക്ടർ പ്രദേശത്ത് "കൈപ്പാട് പൊക്കാളി സംയോജിത നെല്ല് ചെമ്മീൻ കൃഷി പദ്ധതി" നടപ്പിലാക്കുന്നതിനായി 296 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ